**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1167** **15-10-2026-ൽ മറുപടിയ്ക്ക്**

**മമ്മിയൂർ ഫ്ലൈ ഓവർ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് ഫ്ലൈ ഓവറുകൾ, ജംഗ്ഷനുകൾ എന്നിവയുടെ വികസനത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

**മറുപടി:** സംസ്ഥാനത്ത് പ്രധാന ജംഗ്ഷനുകളിലെ ഗതാഗതക്കുരുക്ക് കുറയ്ക്കുന്നതിനും യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനുമായി ഫ്ലൈഓവറുകൾ, ജംഗ്ഷൻ വികസനം എന്നിവയുടെ സാധ്യതകൾ പരിശോധിച്ചും, സാങ്കേതികവും സാമ്പത്തികവുമായ വശങ്ങൾ വിലയിരുത്തിയും പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു. സംസ്ഥാനത്ത് ഫ്ളൈ ഓവറുകൾ, ബൈ പാസുകൾ എന്നിവയുടെ വികസനത്തിനായി 14-09-2026 ലെ സ.ഉ(സാധാ)നം.1063/2026/PWD പ്രകാരം കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഫ്ളൈഓവർ, ബൈപ്പാസ് എന്നിവയ്ക്ക് അനുയോജ്യമായ ലൊക്കേഷൻ കണ്ടെത്തുകയും, ഇതിനായുള്ള സാധ്യതാ പഠനം നടത്തി സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതുമാണ് ഈ സമിതിയുടെ ചുമതല. ഇതിനുമുന്നോടിയായി അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുള്ള പ്രാഥമിക വിവരങ്ങൾ ശേഖരിച്ചു വരുന്നു. സംസ്ഥാനത്തെ വിവിധ ഫ്ളൈഓവർ പ്രവൃത്തികളുടേയും ജംഗ്ഷൻ വികസന പ്രവൃത്തികളുടേയും വിശദാംശങ്ങൾ അനുബന്ധമായി നൽകുന്നു.

**(ബി)** ക്ഷേത്രനഗരിയായ ഗുരുവായൂരിലെ മമ്മിയൂർ ഫ്ലൈ ഓവർ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**മറുപടി:** മമ്മിയൂർ ഫ്ലൈഓവർ നിർമ്മാണത്തിനായി ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ച് Tentative General Design Drawing ലഭ്യമായിട്ടുണ്ട്. ആയതിന്റെ feasibility നൽകുന്നത് ചർച്ച ചെയ്യുന്നതിന് എം.എൽ.എ - യുടെ നേതൃത്വത്തിൽ ഒരു യോഗം ചേർന്നു. Tentative General Design പ്രകാരം കൂടുതൽ സ്ഥലം ഏറ്റെടുക്കേണ്ടതായി വരുന്നതിനാൽ, സ്ഥലം ഏറ്റെടുക്കുന്നത് പരിമിതപ്പെടുത്തുന്ന രീതിയിൽ അലൈൻമെന്റ് പുതുക്കുന്നതിനെക്കുറിച്ച് യോഗത്തിൽ അഭിപ്രായപ്പെട്ടു. യോഗതീരുമാനം പ്രകാരമുള്ള തുടർ നടപടികൾ നിലവിൽ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**